**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5120**

15.11.2019 ൽ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ ബത്ത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | | **എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ ബത്ത വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | എ) | ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | നിലവിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ,അംഗങ്ങൾ എന്നിവർക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ബി) | 1.പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന് 1995 - ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റുമാർക്കും ഏതൊരു തലത്തിലുള്ള പഞ്ചായത്തിന്റെയും വൈസ് പ്രസിഡന്റുമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ജില്ലാ പഞ്ചായത്തിലെ ഓരോ അംഗത്തിനും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ്സ് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട യാത്രാപ്പടിയും ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗത്തിനും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് II(എ) ക്ലാസ് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട യാത്രാപ്പടിയും അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 2. പൊതു കാര്യത്തിനായി യാത്ര ചെയ്യുമ്പോൾ ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ജില്ലാ പഞ്ചായത്തിലെ അംഗങ്ങൾക്കും പൊതു കാര്യത്തിനായി യാത്ര ചെയ്യുമ്പോൾ അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തക്കും, ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗത്തിനും, പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി ജില്ലാ ആസ്ഥാനത്തേക്കോ ബ്ലോക്ക് ആസ്ഥാനത്തേക്കോ നടത്തിയ യാത്രകൾക്കും, സർക്കാരോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിളിച്ചുകൂട്ടിയ യോഗങ്ങളിലോ പരിശീലന പരിപാടികളിലോ പങ്കെടുക്കാനായി നടത്തിയ യാത്രകൾക്കും, പഞ്ചായത്ത് യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരം പാസ്സാക്കിയ പ്രമേയം മൂലം അംഗീകരിച്ചിട്ടുള്ള പഞ്ചായത്ത് കാര്യങ്ങൾക്കുവേണ്ടി നടത്തിയ യാത്രകൾക്കും അതത് സമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് II (എ) ക്ലാസ് സർക്കാരുദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തക്കും അർഹതയുണ്ടായിരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ